"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് - 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.14 ൽ തടസ്സപ്പെടുത്തിയ തുകയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.3087/2022/LSGD തീയതി,തിരുവനന്തപുരം, 13-12-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 17.12.2019 ലെ പാൻ/15412/2019-എം3(ഡി.പി.) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.07.2022 ലെ ഡി.കെ.എസ്.എ2459/പി.റ്റി.2/2021 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2016-17 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പരാമർശ പ്രകാരം തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആനുകൂല്യത്തിന് അർഹരല്ലാത്ത പട്ടികജാതി വിഭാഗത്തിൽ പെട്ട 3 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് അനുവദിച്ചതിനാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയിട്ടുള്ളത്.

2. തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2016-17 വർഷത്തിലെ ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 71,850/- രൂപയുടെ സാധൂകരണത്തിനായി വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കുകയും, ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതുമാണ്. പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് മാർക്ക് രേഖപ്പെടുത്തി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെയാണ് നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ ലിസ്റ്റ് കൈമാറിയത്. എന്നാൽ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതും പഞ്ചായത്തിന്റെ ബൈ ഇലക്ഷനുകൾക്ക് മുന്നോടിയായി പെരുമാറ്റച്ചട്ടം നിലവിൽ വരികയും ആയതു മൂലം ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ വൈകുകയും ചെയ്തു. ബൈ ഇലക്ഷൻ പെരുമാറ്റ ചട്ടം നീങ്ങിയതിനു ശേഷം പഞ്ചായത്ത് ഭരണസമിതിയുടെ താല്പര്യാർത്ഥം ഒരു പൊതു ചടങ്ങിൽ വച്ചാണ് ലാപ്പ്ടോപ്പ് വിതരണം നടത്തിയത്. കൂടാതെ പരാമർശ പ്രകാരമുള്ള 3 വിദ്യാർത്ഥികളും തുടർ പഠനം നടത്തുന്നതിന്റെ രേഖകളും ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ ടി ഓഡിറ്റ് തടസ്സത്തിന് സാധൂകരണം അനുവദിക്കണം എന്ന അനുകൂല ശുപാർശയോടുകൂടി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1 ) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ് എന്ന പദ്ധതിയിൽ ആനുകൂല്യത്തിന് അർഹരല്ലാത്ത പഠിതാക്കൾക്ക് തുക ചെലവ് ചെയ്തു എന്ന് പരാമർശിച്ചാണ് ഓഡിറ്റിൽ തടസ്സം രേഖപ്പെടുത്തിയിരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള രേഖകൾ

പുനപരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരാണെന്നും, പദ്ധതി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണെന്നും ഓഡിറ്റ് വിഭാഗത്തിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച ചെലവിന് സാധൂകരണം നൽകുന്നതിന് ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം, തൃശ്ശൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശിപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്, മേൽ വിവരിച്ച ചെലവിന് സാധൂകരണം നൽകുന്നതിന് ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ചും, ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരാണെന്നും, പദ്ധതി, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതിനാലും, തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 71,850/- രൂപയുടെ ചെലവിന്(എഴുപത്തിഒന്നായിരത്തി എണ്ണൂറ്റിഅൻപത് രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
സെക്രട്ടറി, വാടാനപ്പള്ളി ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ